

കഥ

# കരിവേപ്പില

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ഞെട്ടി, ഹൃത്തടം പൊട്ടി, ഹൃദയ കമ്പികൾ തട്ടി, മീട്ടി ഗാനം, മധുര ഗാനമല്ലത്, ശോക ഗാനം. പല തവണ സംഭവിച്ചത്. പരിണിത ഫലങ്ങൾ പലതും, കടമ്പകൾ പലതും കടന്നവളാണ്; പക്ഷേ, താങ്ങാവുന്നതിനപ്പുറമാണിത്. എന്തേ! തനിക്കിത് താങ്ങാവുന്നതിനപ്പുറമാണ്. പ്രതീക്ഷിച്ചില്ല, ഒരിക്കലും, അവൾ.

ഏകയാണവൾ, രജനി. കടന്നൂ പണ്ടേ വിവാഹ പ്രായം; വേണ്ടെന്നു വെച്ചതാണ് വിവാഹം. നിബ്ബന്ധിച്ചു പലവുരു, വേണ്ടപെട്ടവർ പലരും. വിഹരിച്ചു നടക്കാനായല്ല, ജീവിക്കാനല്ല തോന്നിയ പോലെ. അടക്കത്തിലും ഒതുക്കത്തിലും നല്ല ഈശ്വരഭയത്തിലും. എന്നിട്ടുമെന്തേ! ദുരന്തങ്ങൾ പലതും. ദൈവും ദേവനുമില്ലാതെ തോന്നിയ പോലെ ജീവിച്ച ഒരുത്തക്കും സംഭവിക്കാത്ത പലതുമാണ് നാളിതുവെരെ കഴിഞ്ഞത്. ഇതിനു തക്ക പാപം എന്താണ് ചെയ്തത്; അവൾക്കറിയില്ല. അനുഭവിക്കാൻ വേണ്ടിയാണോ, ഇതെല്ലാം, ഈ ജന്മം നൽകിയത്? ആരോടാണ് ചോദിക്കാനുള്ളത്. കടന്നു പോയില്ലേ, ചോദിക്കേണ്ടവർ.

ഓക്കാപുറത്തായിരുന്നു, അഛന്റെമരണം. പ്രായമൊന്നുമായില്ലായിരുന്നു, മരിക്കാനുള്ള. ജീവിച്ചിരിപ്പുണ്ട് പലരും, അഛനേക്കാൾ പ്രായമുള്ളവർ. അപ്പോൾ ദുർവിധി ആയിരുന്നോ? പെട്ടെന്നുള്ള അഛന്റെ വേർപാടിൽ മനം നൊന്തായിരുന്നു അമ്മയും വലിയ താമസം കൂടാതെ പോയത്. അമ്മയ്ക്ക് അഛനെ അത്ര ഇഷ്ടമായിരുന്നു; ജീവന്റെ ജീവനേക്കാൾ.

ഭീതിയില്ലായിരുന്നു, ഏകയായെങ്കിലും. പഠിപ്പിച്ചു ആയ കാലത്ത്, പഠിച്ചു മാസ്റ്റേഴ്സ് വെരെ. കിട്ടി, നല്ല ജോലി, അധികം ദൂരത്തല്ലാതെ; നല്ലൊരു സ്ഥാപനത്തിൽ. കൈ നിറയെ ശമ്പളം കിട്ടുന്ന നല്ല ഉന്നതമായ ജോലി. ആരേയും ഭയപ്പെടാതെ, ജീവിക്കാൻ അതു മതി. തനിയേ, വെച്ചു വിളമ്പി, വീടെല്ലാം പൂട്ടികെട്ടി, പോയ് വരണം. വന്നു കഴിഞ്ഞാൽ മിണ്ടാനും പറയാനും ആരുമില്ല. ചുറ്റിനും സ്വന്തം വീട്ടുകാരെ കൊണ്ട് നിറഞ്ഞിടത്ത് താമസിക്കുന്നതുകൊണ്ട്, അധികം ആരേയും ഭയപ്പെടാതെ ജീവിക്കാം.

ആകെയുള്ള ഏക സഹോദരൻ, കൊച്ചേട്ടൻ, വിവാഹ പ്രായത്തിനു മുമ്പു തന്നെ, സ്നേഹിച്ച പെണ്ണിനെ സ്വന്തമാക്കി, ഒരു മകളുടെ അമ്മയാക്കി, അടുത്തുള്ള പട്ടണത്തിൽ സ്ഥിര താമസമാക്കി. നല്ല വിദ്യാഭ്യാസമുള്ള കൊച്ചേട്ടന്, കിട്ടിയ നല്ല ജോലി ചെയ്യുന്നതിന്റെ അടുത്തായി തന്നെ ആ സമയത്ത് വളരെ സഹായ വിലയ്ക്കു കിട്ടിയ വീട് വാങ്ങി താമസിച്ചത് തെറ്റല്ല. എപ്പോൾവേണമെങ്കിലും കുടുംബത്തിൽ വരാം, പോകാം. ഇഷ്ടമല്ലായിരുന്ന ആ വിവാഹത്തിന് അഛനും അമ്മയ്ക്കും ഒരു പോലെ. അനുസരിക്കത്തില്ല, ജോലിയുള്ള സ്ത്രീ അവളുടെ ഭർത്താവിനെ എന്ന ആപ്ത വിശ്വാസം കൊണ്ടു മാത്രം, നല്ല വിദ്യാഭ്യാസമുള്ള ചേച്ചിയെ ജോലിക്കു വിട്ടില്ല. കുഞ്ഞുങ്ങൾ നല്ല രീതിയിൽ വളർന്നു വരും, നല്ല വിദ്യാഭ്യാസമുള്ള മാതാവിന്റെ സംരക്ഷണയിൽ വളർന്നാൽ എന്നതും കൊച്ചേട്ടന്റെ ആപ്ത വിശ്വാസങ്ങളിൽ ഒന്നായിരുന്നു. തർക്കിക്കാൻ പോയില്ല ഒരിക്കലും, കൊച്ചേട്ടനോടോ, കൊച്ചേട്ടന്റെ തത്വസംഹിതകളോടോ. എല്ലാം ശരിയായി മാത്രം ചിന്തിക്കാനേ കഴിഞ്ഞിരുന്നുള്ളു. എന്നാൽ, ഇപ്പോൾ:

ത്രിസന്ധ്യ സമയത്ത് വീടിന്റെ മുൻപിൽ ശവംപോലെ കിടന്ന കൊച്ചേട്ടന്റെ മുൻപിൽ നിന്നു കേഴാനേ കഴിഞ്ഞുള്ളു. വീടിനു മുൻപിലേക്കിറങ്ങിയ, കൊച്ചേട്ടനെ, ഒരു മോട്ടോർ സൈക്കിൾ വന്നിടിച്ച് കടന്നു കളഞ്ഞു. പട്ടണത്തിൻ നടുവിൽ വീടു വാങ്ങിയാൽ ഇങ്ങിനെയെല്ലാം സംഭവിക്കാം; എത്ര സൂക്ഷിച്ചാലും. വീട്ടിനകത്തിരുന്നാലും മരണം വന്നാശ്ലേഷിച്ച് കടന്നുകളയും. മകൾ ഉണ്ടായപ്പോൾ, ജാതകത്തിൽ പറഞ്ഞതു പോലെ സംഭവിച്ചു അന്ന് അതിലൊന്നും വിശ്വസിക്കേണ്ടതില്ലന്ന് കൊച്ചേട്ടൻ പറഞ്ഞതും കേട്ട് വിശ്വസിച്ചും പതിവു പോലെ.

ആശുപത്രിയിൽ കിടക്കുന്ന കൊച്ചേട്ടനെ സഹായിക്കാൻ താൻ മാത്രമേ ഉള്ളൂ. നീക്കി ബാക്കി ഒന്നുമില്ലാതെ, കിട്ടുന്നതെല്ലാം, ചിലവാക്കി ജീവിച്ച കൊച്ചേട്ടന് താൻ മാത്രമേ ആശ്രയമായുള്ളു. വീടിനു വേണ്ടി ബാങ്കിൽ നിന്നും കടം എടുത്തത് മാസാമാസം കൊടുക്കണം, കാറു വാങ്ങിയതിന്റെ കടം കൊടുക്കണം, അങ്ങിനെ ചിലവുകളുടെ ഒരു നീണ്ട പട്ടിക. കൊച്ചേട്ടന് അതൊന്നും അത്ര സാരമുള്ള കാര്യമല്ലായിരുന്നു; അത്രയും നല്ല ശമ്പളമുള്ള നല്ല ഉയർന്ന ജോലി ആണല്ലോ. ഇപ്പോൾ ആശപത്രി ചിലവുൾപ്പെടെ എല്ലാം നടത്തേണ്ടതാണ്. കൈവിട്ടു കളയാനൊക്കത്തില്ല; കൊച്ചേട്ടന്റെ ആയ കാലത്ത് തന്നെ പൊന്നുപോലെ നോക്കി വളർത്തിയിട്ടുണ്ട്. ധാരാളം പണം തനിക്കു വേണ്ടി ചെലവഴിച്ചിട്ടുണ്ട്.

ദുരിശം പിടിച്ചും, മിച്ചം പിടിച്ചും വെച്ചിട്ടുള്ള ചെറിയ ഒരു തുക കയ്യിലുള്ളതുകൊണ്ട്, ആശുപത്രി ചിലവ് വഹിക്കാൻ പറ്റത്തില്ല; പിന്നേയും വേണം ഭീമമായ തുക. സ്വന്തക്കാരും ബന്ധു മിത്രാദികളും നിരവധി ഉണ്ടെങ്കിലും ആവശ്യത്തിന് ആരും ഇല്ല. ആ വകയിലുള്ള എല്ലാവരുടെയും മുൻപിൽ കൈ നീട്ടി; ഇല്ല, സഹായിക്കാൻ ആരുമില്ല. ഇപ്പോൾ അഛനും അമ്മയും എല്ലാമായി കൊച്ചേട്ടൻ അല്ലാതെ വേറാരുമില്ല; സ്വന്തമായി. പിന്നെ, എന്തും ചെയ്യാൻ, ഒരു ഭ്രാന്തിയെപ്പോലെ എന്തിനും തയാറായി:

ജോലി ചെയ്യുന്നിടത്ത് കൊച്ചു മുതലാളിയെന്നും കുഞ്ഞു മുതലാളിയെന്നും വിളിക്കുന്ന രണ്ട് കോടീശ്വരന്മാർ ഉണ്ട്, ജോസും, ജോസഫും. ഒരാൾ ആ സ്ഥാപനത്തിന്റെ സി. ഇ. ഒ യും അടുത്ത ആൾ പ്രസിഡന്റും ആണ്. രണ്ടു പേരും അവിവാഹതരായ മചറുപ്പക്കാർ. പലപ്രാവശ്യം അവർ ഓരോരുത്തരും തന്റെ ചുറ്റിനും വട്ടമിട്ടു പറന്ന വണ്ടുകളാണ്. ആ സ്ഥാപനത്തിലെ പരമസുന്ദരി ആണ് അവൾ. അവൾക്കും അതറിയാം; കൂടാതെ പ്രഗത്ഭയായ ഉയർന്ന തസ്തികയിലുള്ള ജോലിക്കാരിയും.

ജോസിന്റെ ചേംബറിൽ ചെന്ന് അവളുടെ സങ്കടം പറഞ്ഞു. അവൾ എന്തിനും തയാറാണെന്നും പറഞ്ഞു. അയാൾ വളരെ നല്ലവനാണ്. അപ്പോൾ തന്നെ അവളേയും കൂട്ടി ആ വലിയ ആശുപത്രിയിൽ ചെന്നു. വ്യവസ്ഥ പറഞ്ഞിട്ടാണ് അയാൾ പുറപ്പെട്ടത്. അവളെ കൂട്ടികൊണ്ട് അയാളുടെ സ്വന്തമായിട്ടുള്ള രണ്ടാമത്തെ, ബംഗ്ലാവിൽ അവൾ അവളുടെ അടിപാവാട അഴിച്ചു കൊടുക്കാമെന്നവൾ സമ്മതിച്ചു. ഉടനെ തന്നെ വലിയ ഒരു സർജ്ജറി ചെയ്യാനായി വലിയ ഒരു തുക ഉടനെ കെട്ടിവെക്കണം. അയാൾ അത് സമ്മതിച്ചു; മുഴുവൻ തുകയ്ക്കുമുള്ള ചെക്ക് അവളുടെ മുൻപിൽ വെച്ചു തന്നെ കൊടുത്തു.

അവൾ കന്യകയാണെന്നാണ് എല്ലാവരും ധരിച്ചിരിക്കുന്നത്; ഒരു പരിധിവെരെ അത് ശരിയുമാണ്. അവൾ പുഷ്പിണി ആയതിന്റെ പത്തു ദിവസം കഴിഞ്ഞപ്പോൾ അവളുടെ കിടക്കപായിൽ നല്ല ഉറക്കത്തിലായിരുന്നവളുടെ മേൽ, അമ്മയുടെ ചേച്ചിയുടെ മകൻ, ദാ വന്നൂ-ദേ പോയി എന്നതു പോലെ കടന്നു പോയി. പലതും അറിയാൻ ആഗ്രഹിച്ചിരുന്ന ആ പ്രായ

ത്തിൽ ഒന്നും ആസ്വദിക്കാൻ കഴിയുന്നതിനു മുൻപ് തീന്നു. അടിപാവാട മുഴുവൻ വൃത്തികേടാക്കി. പിറ്റേ ദിവസം ആരും കാണാതെ അതിരാവിലെ എഴുന്നേറ്റ് വളരെ കഷ്ടപ്പെട്ട് അതു മുഴുവൻ വൃത്തിയാക്കി. സ്വന്തം കാര്യം സാധിച്ച് കടന്നു കളയുന്ന ഈ വൃത്തികെട്ട ആണുങ്ങളെയെല്ലാം വെറുത്തതാണ്. അന്നവൾ ശപഥം ചെയ്തതാണ് ഒരിക്കലും ഒരു പുരുഷന്റെ മുൻപിലും അടിപാവാട അഴിച്ചിട്ട് കാലും അകത്തി കിടന്നു കൊടക്കത്തില്ലന്ന്. അതുകൊണ്ടാണ് പല സമയത്തും പലരും ഉപദേശിച്ചിട്ടും, പല നല്ല നല്ല ആലോചനകൾ പലതു വന്നിട്ടും തട്ടി മാറ്റിയത്. അച്ഛനമ്മയും പിന്നെ എനിക്ക് എന്റെ കൊച്ചേട്ടനും ഉണ്ടെന്ന് അഹങ്കരിച്ചു നടന്നവളാണ്. ആ ആദ്യ സംഭവ ശേഷം, അവൾ അവളുടെമുറിയുടെകതക്പൂട്ടി മാത്രമേ ഇതുവെരെ കിടന്നിട്ടുള്ളു ആ തീരുമാനമാണ് ഇന്നവൾ മാറ്റുന്നത്.

ആശുപത്രിക്കാക്ക് വേണ്ടത് വലിയ തുക ആയിരുന്നു. അവൾ എങ്ങിനെ വിചാരിച്ചാലും അത്രയും വലിയ ഒരു തുക ഉണ്ടാക്കാൻ കഴിയുകയില്ല. കുടുംബ സ്വത്തായുള്ള ആ തറവാട് എഴുതി കൊടുത്താലും അത്രയും വലിയ തുക കിട്ടത്തില്ലായിരിക്കാം. ജോസിന് അത് പുല്ലു വില. അയാൾ വളരെ കാലം കൊണ്ട് മോഹിച്ചിരുന്ന സ്വപ്നം സാക്ഷാത്ക്കരിക്കാൻ പോകുകയാണ്. അതിന്റെ ഇരട്ടി വേണമെങ്കിലും ചെലവഴിക്കാൻ അയാൾ തയാറാണ്; അവൾക്കു വേണ്ടി. ആ സൗന്ദര്യ ധാമത്തെ ആസ്വദിക്കാൻ അയാളിലെ പുരുഷൻ ഉത്തേജിതനായി കഴിഞ്ഞു.

ജോസിന്റെ രണ്ടാമത്തെ ബംഗ്ലാവ്, ആ പട്ടണത്തിന്റെ തൊട്ടടുത്തുള്ള ചെറിയ ഒരു ഗ്രാമത്തിന്റെ നെറുകയിലാണ്. അവിടെ അടുത്തെങ്ങും ആരും താമസമില്ല; ആരും വരികയുമില്ല. വളരെ സുരക്ഷിതമായുള്ള സ്ഥലമാണ്. ആ വലിയ കമ്പിനിയിലെ പല സുന്ദരിമാരും ആ ബംഗ്ലാവിന്റെ പ്രധാന കിടപ്പു മുറികണ്ടിട്ടുള്ളതാണ്. എല്ലാ ആധുനിക സജ്ജീകരണങ്ങളുമുള്ള ഒരു വലിയ ബംഗ്ലാവ് ആണത്. അയാൾക്കിഷ്ടമുള്ളപ്പോൾ ഇഷ്ടമുള്ള ഇണയേയും കൂട്ടി ഏതു സമയത്തു വേണമെങ്കിലും ഇണ ചേരാനായിട്ടാണ് ആ ബംഗ്ലാവ് ഉള്ളത്. ഒരിക്കൽ, ആ ബഡ് റൂമിൽ കിടന്നിട്ടുള്ള ഒരു സ്ത്രീയും വീണ്ടും വീണ്ടും അവിടെ വരാൻ താല്പര്യപ്പെടും. അത്രയും സുഖ സൗകര്യങ്ങൾ ഉണ്ടവിടെ.

രജനിയെ, എല്ലാ പെണ്ണുങ്ങളോടും പെരുമാറിയതു പോലെയല്ലഅയാൾ പെരുമാറിയത്. അവൾ കന്യകയാണെന്നുള്ള വിശ്വാസത്തിലാണ് അയാൾ പെരുമാറിയത്. കാമശാസ്ത്രത്തിൽ കന്യകയോട് പ്രഥമ വേഴ്ചയിൽ പുരുഷൻ ചെയ്യേണ്ട എല്ലാ കാര്യങ്ങളും, അധര വേഴ്ചയുൾപ്പെടെ എല്ലാം അയാൾ ചെയ്തു. അവൾ കന്യകയാണെന്ന് അയാൾക്കും അനുഭവത്തിൽ ബോദ്ധ്യമായി. അവളും സ്വർഗ്ഗരാജ്യത്തിൽ പറന്നയരുന്ന അനുഭൂതിയിലായിരുന്നു. അടി പാവാട അഴിക്കാതെ, കാര്യം നടത്തി മടങ്ങി വരാമെന്നവൾക്കുണ്ടായിരുന്ന അബദ്ധ ധാരണ മാറി; പിറന്ന മേനിയിൽ, ചുറ്റും മിന്നി തിളങ്ങുന്ന പ്രകാശ ധാര പൊഴിക്കുന്ന മുറിയിൽ, മുകളും താഴെയും ചുറ്റിനും കണ്ണാടി കൊണ്ട്നിർമ്മിതമായ ശീതളീകരിച്ച അവൾ പൂർണ്ണ നഗ്നയായി അയാളുമായി മണിക്കൂറുകളോളം കാമകേളികളിൽ നിമഗ്നയായി. ജീവിതത്തിൽ ഒരിക്കലും മറക്കാത്ത ഒരനുഭവമായിരുന്നു അവൾക്ക്. ആ ഒരു രാത്രി മുഴുവനും ഇടതടവില്ലാതെ അവർ ആഘോഷിച്ചു; അയാൾ അത്രയും ബലിഷ്ഠനായ പുരുഷ കേസരിയും സൗന്ദര്യ ശ്രേഷ്ഠനുമായിരുന്നു. പിന്നെയും പല ദിനം ആ കാര്യങ്ങൾ ആവത്തിച്ചു. അവൾ യാതൊരു എതിപ്പും കാട്ടിയില്ല; അയാളോട്. അങ്ങിനെ എല്ലാ മുള്ളിടത്ത് ഒരു സ്ത്രീയും ഒരിക്കലും ഒരു വിമുഖതയും കാണിക്കില്ല.

ദിവസങ്ങളും മാസങ്ങളും പെട്ടന്ന് കഴിഞ്ഞ്, വഷം തന്നെ ഒന്നു കഴിഞ്ഞു. കൊച്ചേട്ടന്റെ ചികിത്സ മുഴുവനും കഴിഞ്ഞു. വിദേശത്തു നിന്നു പോലും പ്രഗത്ഭരായ ഡോക്ടർമാൻ പലരും വന്ന് അയാളെ ചികിത്സിച്ചു. അയാൾ പൂണ്ണ ആരോഗ്യവാനായി. വീണ്ടും ജോലിക്കു പോകാൻ തുടങ്ങി. അതയാളുടെ രണ്ടാം ജന്മമാണ്. ആരും ഒരിക്കലും പ്രതീക്ഷിച്ചില്ല, അയാൾ ഇതു പോലെ ആരോഗ്യവാനായി തീരുമെന്ന്. അതിനിടയ്ക്ക് മാസം തോറും അയാളുടെ വീടിന്റേയും കടമെടുത്ത ഭീമമായ തുക മാസം തോറും അടച്ചു. എല്ലാം രജനിയുടെ സാമത്ഥ്യം കൊണ്ട്; അവളുടെ അരയുടെ ഉറപ്പുകൊണ്ട്.

ജോസു പറയുന്ന വിധത്തിൽ കൂടെയെല്ലാം അയാളുടെ കൂടെ കാമ വികൃതികൾക്ക് അവൾ അനുസരിച്ചു. അയാൾക്ക് അവളെ വളരെ ഇഷ്ടപ്പെട്ടു. അവൾക്ക് മുപ്പതു വയസായെങ്കിലും അയാൾക്കു ഒരു വയസ് കൂടുതലുണ്ട്. അവൾ നന്നായി പാചകവും ചെയ്യും. നന്നായി കഷ്ടപ്പെടാനും അദ്ധ്വാനിക്കാനും തയാറുള്ളവളായിരുന്നു. അവർ രണ്ടു പേരും വ്യത്യസ്ഥ മതങ്ങളിൽ ഉള്ളവരാണെങ്കിലും, അവൾ നല്ല നായർ സമുദായത്തിൽ പെട്ടവളാണ്. ഉന്നത വിദ്യാഭ്യാസമുള്ളവളാണ്. അയാൾ അവളെ വിവാഹം ചെയ്യാൻ താല്പര്യം പ്രകടിപ്പിച്ചു. അവൾ പരിപൂണ്ണ സമ്മതം പറഞ്ഞു. അവൾ ഒരിക്കലും സ്വപ്നത്തിൽ പോലും വിചാരിക്കാത്ത കാര്യമായിരുന്നു അത്. അവൾ ഒരിക്കൽ, ഒരു ഓണ ദിവസം അയാളെ അവളുടെ വീട്ടിൽ വിളിച്ച് ഭക്ഷണം കൊടുത്ത്, പ്രഥമനും ഉണ്ടാക്കി കൊടുത്ത് അയാളെ സന്തോഷിപ്പിച്ചു. അയാൾ അതിൽ സന്തുഷ്ടനായി. അതു കഴിഞ്ഞ്, അയാൾ വളരെ ദിവസങ്ങളോളം ദീഘമായി ആലോചിച്ചാണ് ആ തീരുമാനത്തിലെത്തിയത്.

അവൾ വിവരം കൊച്ചേട്ടനോട് പറഞ്ഞു. അയാൾ സമ്മതിച്ചില്ലന്നു മാത്രമല്ല; വളരെ പ്രകോപിതനാവുകയും ചെയ്തു. കൊച്ചേട്ടൻ അവളെ വീടിന് വെളിയിലാക്കി, പിണ്ഡം വെച്ചു. ഒരു കറിവേപ്പില പോലെയവളെ വലിച്ചെറിഞ്ഞു. അങ്ങിനെ ജോസും രജനിയും കൂടെ ഒരു ദിവസം രജിസ്റ്റേഡ് വിവാഹം നടത്തി. ഓടുന്ന പട്ടിക്ക് ഒരു മുഴം മുമ്പേ എന്ന ചൊല്ലു പോലെ; ആ വിവാഹിത്തിന് മുമ്പായി, അവിടുത്തെ അമ്പലത്തിലെ ആ വഷത്തെ ഉത്സവ ചെലവു മുഴുവനും അയാൾ നടത്തി. അപ്പോൾ അവിടെയുള്ള ഹിന്ദുക്കൾക്ക് അമഷം ഉണ്ടെങ്കിലും അത് പ്രകടിപ്പിക്കാൻ സാധിക്കാതെ അയാൾ ഒതുക്കി അത്രയും ബുദ്ധിമാനും സുന്ദരനും ധീരനുമായ അയാൾ അവളുടെ കാൽപാദത്തിൽ ഇരുന്ന് അവൾക്ക് വേണ്ടതെല്ലാം ചെയ്തുകൊടുന്നുമുണ്ട്.

അവളുടെ താമസം അയാളുടെ ബ.ഗ്ലാവിലേക്ക് മാറ്റിയെങ്കിലും അവൾ ആഴ്ച്ചയിലൊരിക്കൽ, അവളുടെ വീട്ടിൽ വന്ന് എല്ലാം വൃത്തിയാക്കും. കൂടാതെ ജോസ് ആ വീടിന്റെ ചുറ്റുപാടു മുഴുവനും ആൾക്കാരെ നിത്തി വൃത്തിയാക്കിയിടും. പഴയ വീടാണെങ്കിലും എപ്പോഴും അറ്റകുറ്റ പണിയെല്ലാം ചെയ്തിരിക്കുന്നതുകൊണ്ട്, ആ വീടും ചുറ്റുപാടുമെല്ലാം മനോഹരമായികിടപ്പുണ്ട്. അവൾക്ക് ധരിക്കാൻ വയ്യാത്ത വിധം വിലയേറിയ വസ്ത്രങ്ങൾ നിരവധി; ആഭരണങ്ങളും. എന്തെല്ലാമാണെങ്കിലും, അവൾക്ക് അവളുടെ ജോലി തുടന്ന് ചെയ്യാനും അയാൾ അനുവദിച്ചിട്ടുണ്ട്. അവൾക്ക് പരിപൂണ്ണ സ്വാതന്ത്ര്യം എല്ലാ കാര്യത്തിലും കൊടുത്തിട്ടുണ്ട്. അവളുടെ സൗന്ദര്യത്തിൽ മാത്രമല്ല, അവളുടെ ബുദ്ധിയിലും അയാൾ വളരെ സംതൃപ്തനാണ്. അവളുടെ കഴിവുകൾ നഷ്ടപ്പെടാതെ അയാൾ സൂക്ഷിച്ചു. അവൾ പൂണ്ണ സന്തോഷവതി ആയി തീന്നു.